***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി:11/10/2022**

# കൈക്കൂലി വാങ്ങുന്നതിനിടെ വില്ലജ് ഫീൽഡ് അസിസ്റ്റന്റ് വിജിലൻസ് പിടിയിൽ"

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അജയകുമാർ ജെ 1000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു.

വിളക്കുടി വില്ലേജിലെ താമസക്കാരനായ പരാതിക്കാരൻ കേരള ബാങ്കിൻറെ കുന്നിയോട്ടു ശാഖയിൽ നിന്നും ലോൺ എടുക്കുന്നതിനായി മേലില വില്ലേജിലെ 17/14819 നമ്പർ തണ്ടപ്പേരിൽപ്പെട്ട റീ സർവേ 212/5-2 ൽ ഉൾപ്പെട്ട 4.88 ആർ വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ലോക്കേഷൻ സർട്ടിഫിക്കറ്റ്,നോൺ അറ്റാച്ച്മെൻറ് സർട്ടിഫിക്കറ്റ്, എന്നിവ ആവശ്യപ്പെട്ടുകൊണ്ട് 30/09/2022 തിയതി മേലില വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകിയിരുന്നു.തുടർന്ന്പല പ്രാവശ്യം ചെന്നിട്ടും സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ പരാതിക്കാരൻ മേലില വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അജയകുമാറിനെ കണ്ടപ്പോൾ ടിയാൻ 1000/രൂപ കൈക്കൂലി ആവശ്യപ്പെടുകയുണ്ടായി. പരാതിക്കാരൻ ഈ വിവരം കൊല്ലം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി .ശ്രീ അബ്ദുൽ വഹാബിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കെണി ഒരുക്കി ഇന്നേദിവസം (11/10/2022)

വൈകുന്നേരം 4 മണിയോടെ വില്ലേജ് ഓഫീസിൽ വച്ച് കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിനെ വിജിലൻസ് സംഘം അറസ്റ്റ് ചെയ്യുകയാണുണ്ടായത്.

വിജിലൻസ് സംഘത്തിൽ കൊല്ലം യൂണിറ്റ്ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ.അബ്ദുൽവഹാബി നെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ.ബിജു, , ജോഷി, GSI മാരായ, .രാജേഷ്, ജയഘോഷ്, SCPO മാരായ ഷിബുസക്കറിയ, ഗോപകുമാർ, ദേവപാലൻ, ശരത്ത്, അജീഷ്, ഷൈൻ എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.

-